# കവിതയിൽ ആത്മസംഗീതത്തിന്റെ ലയം

പെരുമ്പടവം ശ്രീധരൻ

എം.കെ. ഭാസി എന്ന കവിയെ ഞാൻ പരിചയപ്പെടുന്നത് കൗമുദിവാരികയിലും മംഗളോദയം മാസികയിലും പ്രത്യക്ഷപ്പെട്ടിരുന്ന കവിതകളിലൂടെയാണ്. കവിതയിൽ എന്റെ മനസ്സ് ഉന്മാദം കൊള്ളാൻ തുടങ്ങിയ ഒരു കാലമായിരുന്നു അത്. കവിതയോടും കവികളോടും തോന്നിയ ആരാധനയ്ക്കിടയിൽ ഈ കവി എങ്ങനെയോ എന്നെ വല്ലാതെ ആകർഷിച്ചു. ആ കവിത അതിന്റെ ഉള്ളിൽ വഹിക്കുന്ന ഭാവലാവണ്യമാണ് എന്നെ വശീകരിച്ചതെന്ന് എനിക്ക് തീർച്ചയുണ്ട്. കുറെ കാലത്തേയ്ക്ക് പിന്നെ ഈ കവിയെക്കുറിച്ച് കേൾക്കാനില്ലാതെയായി. ഞാനോർക്കാറുണ്ടായിരുന്നു ഈ കവി എവിടെ പോയെന്ന്. ഈ കവിക്കെന്തു സംഭവിച്ചുവെന്ന്. എന്നെ സംബന്ധിച്ചിടത്തോളം വിസ്മയകരമെന്ന് വിളിക്കാവുന്ന ഒന്നാണ് പിന്നെ സംഭവിച്ചത്. ഒരു ദിവസം ഓർക്കാപ്പുറത്ത് ടെലിഫോണിൽ അപരിചിതമായ ഒരു ശബ്ദം എന്നെ വിളിക്കുന്നു. എം.കെ. ഭാസിയെന്ന് പേര് പറഞ്ഞ് സ്വയം പരിചയപ്പെടുത്തുന്നു.

ആരാണത്?

ഊഹിച്ചെടുക്കാൻ കഴിയാതെ ഞാൻ കുഴങ്ങുമ്പോൾ അദ്ദേഹം പറയുന്നു:

'സിംഗപ്പൂരിൽ നിന്നാണ് വിളിക്കുന്നത് നിങ്ങൾക്കെന്നെ പരിചയമുണ്ടാവില്ല. ഒരിക്കൽ ഞാൻ കവിതയെഴുതിയിരുന്നു."

അത്രയുമെത്തിയപ്പോൾ ഞാൻ തിരിച്ചുചോദിച്ചു.

"വർഷങ്ങൾക്കു മുമ്പ് കെ. ബാലകൃഷ്ണന്റെ കൗമുദിയിലും മുണ്ടശ്ശേരിയുടെ മംഗളോദയത്തിലും കവിതകളെഴുതിയിരുന്ന ഒരു എം.കെ. ഭാസിയെ എനിക്കോർമ്മയുണ്ട്. എനിക്കിഷ്ടപ്പെട്ട ഒരു കവി. ആ എം.കെ.ഭാസിയും ഇപ്പോൾ എന്നെ വിളിക്കുന്ന എം.കെ. ഭാസിയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ?

പിന്നെ ഫോണിൽ കേട്ടത് ഒരു ചെറിയ ചിരിയാണ്.

"ആ ഭാസിയും ഈ ഭാസിയും ഒരേ ആൾ തന്നെ."

പെട്ടെന്ന് എം.കെ. ഭാസി എന്ന പഴയ കവി എന്റെ മനസ്സിൽ രഹസ്യമായി സൂക്ഷിച്ചിരുന്ന കാവ്യസൗഗന്ധികം ഇതൾവിടർത്താൻ തുടങ്ങി.

അപ്പോൾ ഞാൻ എന്നോടു തന്നെ ചോദിച്ചു: "ഈ കവി എവിടെയായിരുന്നു ഇത്രയും നാൾ?"

പിന്നെ എനിക്ക് അതിന്റെ ഉത്തരം കിട്ടി.

എം.കെ. ഭാസി എന്ന കവി അദ്ദേഹത്തിന്റെ ഉള്ളിൽത്തന്നെ ഉണ്ടായിരുന്നു. മലയാള കവിതയിൽ മാറിമാറി വരുന്ന ഭാവുകത്വപരിണാമങ്ങളുടെ സസൂക്ഷ്മം നിരീക്ഷിച്ചുകൊണ്ട്. ലോകകവിതയിൽ ആശയപരമായും ഘടനാപരമായും സൗന്ദര്യശാസ്ത്രപരമായും സംഭവിക്കുന്ന പരിവർത്തനങ്ങൾ അറിഞ്ഞുകൊണ്ട്.

ഇംഗ്ലീഷിലൊക്കെ നല്ല വായനയുള്ള ഭാസി പക്ഷേ, ആ ഒഴുക്കുകളിലൊന്നും പെടാതെ ഒഴുക്കുകളുടെ കരയിൽ തനതായ ഉൾക്കാഴ്ചയോടെ നിലകൊണ്ടു. കാല്പനികത രാജ്യഭാരം നടത്തിയിരുന്നു ദശാ

സന്ധിയിൽ നിന്നു തുടങ്ങി കവിത ജീവിതത്തെ സംബന്ധിച്ച ആകുലതകളും ഉദ്വിഗ്നതകളും പങ്കുവയ്ക്കാൻ തുടങ്ങിയ നവഭാവുകത്വത്തിന്റെ പ്രഭാതവേളയിൽ ഈ കവി പണ്ടാരോ പറഞ്ഞതുപോലെ സ്വന്തം ഹൃദയത്തിനുള്ളിൽ ധ്യാനലീനനായി ഇരിക്കുകയായിരുന്നു.

"നിറങ്ങൾ നിഴലുകൾ" എന്ന് പേരിട്ടിട്ടുള്ള ഈ കവിതാസമാഹാരം ഏകാകിയായ ഒരാളുടെ മനസ്സിൽ ജീവിതം ഏല്പിച്ച ക്ഷതങ്ങളുടെയും മുറിവുകളുടെയും സ്വപ്നഭംഗങ്ങളുടെയും മൂകദുഃഖങ്ങളുടെയും കണക്കു പുസ്തകംപോലെ ഇരിക്കുന്നു. എന്നാൽ അത്തരം അഭിശാപങ്ങളിൽ മുങ്ങിത്താഴാതെ ജീവിതം നീളെ ഏറ്റു വാങ്ങിയ തോൽവികളുടെ പട്ടടച്ചാരത്തിൽ നിന്ന് വീണ്ടും ഉയിരാർന്നു പറന്നു പൊങ്ങുന്ന സ്വർണ്ണച്ചിറകുള്ള പക്ഷിയായി ഈ കവി സ്വയം സങ്കല്പിക്കുകയും വീണ്ടും ചിറകുകൾ വീശിപറക്കാൻ ആകാശം ചൂണ്ടിക്കാണിച്ചവർക്ക് നന്ദിപറയുകയും ചെയ്യുന്നു.

തീർച്ചയായും ഈ കവിതകൾക്കുള്ളിൽ കാല്പനികതയുടെ ഒരു ഭാവ പ്രപഞ്ചമുണ്ട്. അതിന്റെ നിലയ്ക്കാത്ത സൗന്ദര്യപ്രവാഹമുണ്ട്.

ഒരു ദൃഷ്ടാന്തം എടുത്തുകാണിക്കാമോ എന്ന് ആരെങ്കിലും ചോദിച്ചാൽ ഈ സമാഹാരത്തിലെ മിക്ക കവിതകൾക്കു നേരെയും വിരൽചൂണ്ടാം. 'ഇനി ഞാനുറങ്ങട്ടെ' എന്ന കവിത നോക്കൂ. കൽവിളക്കുകൾ കെട്ട് ഇരുൾ പടർന്ന ശ്രീകോവിലിനുള്ളലൽ കാലത്തിന്റെ നിറം പടർന്ന വിഗ്രഹം മിഴിയടച്ചുറങ്ങുമ്പോൾ പതുക്കെ ഗോപുരവാതിൽ തുറന്ന് പുറത്തെ ഇരുൾക്കാടുകൾ കടന്നു പോകുന്ന ഒരു ഞാൻ. ആ ഞാൻ മറ്റാരെന്ന ചോദ്യം ഇനി ആവശ്യമില്ല. കല്പടവുകളിൽ പായലായി വീണുറഞ്ഞ കാലം, കല്പടവുകൾക്കു താഴെ ഒഴുകുന്ന നദി. കാവ്യബിംബങ്ങളെങ്ങനെ ഒന്നിനുപുറകെ ഒന്നായി....

ഏതെങ്കിലും ദിക്കിൽ തണൽ തേടി അനന്തമായ മരുഭൂമിയിൽ ദാഹാർത്തനായി അലയുന്ന ഏകാന്തപാന്ഥൻ എന്നൊക്കെ എഴുതുമ്പോൾ ഈ കവിയുടെ ഏകാകിതതന്നെയാണ് വെളിവാകുന്നത്. വസന്തങ്ങളും ഹേമന്തങ്ങളും ആ ജീവിതത്തിലൂടെ കടന്നുപോയി. പക്ഷേ, ഇപ്പോഴെന്താണ് അവസ്ഥ?

ചുറ്റിലുമെന്നെ പൊതിഞ്ഞു വളരുന്നു.

വാത്മീകം, ഞാനതിന്നുള്ളിൽ

നിഷ്പ**ദീപമായ് കത്തിയെരിയുന്ന

നിശ്ചലം ധ്യാനവിലീനം

ആത്മാവിഷ്കാരത്തിന്റെ തലങ്ങളിൽ ഈ കവിയും കവിതയും ചെന്നെത്തുന്നുവെന്നു പറയാൻ തോന്നും.

ദീപാരാധന, ആദ്ധ്യാത്മിക വിദ്യാലയം, ആരെക്കുറിച്ചിനിപാടണം, ശരശയ്യ തുടങ്ങിയ ഒട്ടേറെ കവിതകളിൽ എം.കെ. ഭാസിയുടെ കവിഭാവന സ്വർണ്ണച്ചിറകാർന്ന പക്ഷിയായി പറക്കുന്ന ആകാശങ്ങൾ ഞാൻ കണ്ടു.

ഏതോ മഹാവിജനതയുടെ മദ്ധ്യത്തിലിരുന്നു പാടുന്ന ഒരജ്ഞാതഗായകനെയും സിമയറ്റ മഹാവിദൂതകളിൽ സഞ്ചരിക്കുന്ന ഒരേകാകിയുടെയും ചിത്രങ്ങൾ ഈ കവിതകളിൽ മാറിമാറിവരുന്നു. അവിടെയൊക്കെ ആ കവിത ഭാവഗീതത്തിന്റെ കാന്തിയാർന്ന് വിലോഭനീയമായിതീരുകയും ചെയ്യുന്നു.

തീർച്ചയായും ഈ കവിതകളിൽ കാല്പനിക കാവ്യപാരമ്പര്യത്തിന്റെ ഒരു നിഴലുണ്ട്. ആധുനിക കവിതയുടെ വഴികളിൽ നിന്ന് അതിനുള്ള ദൂരം വ്യക്തവുമാണ്. പക്ഷേ, കവിതയിൽ നിന്നു കേൾക്കുന്നു ആന്തരികസംഗീതം ഒരു ഭാവഗായകന്റെ സാന്നിദ്ധ്യം ഓർമ്മിപ്പിക്കുന്നുണ്ടെന്ന് ഞാൻ വിചാരിക്കുന്നു. ലാളിത്യത്തിന്റെയും വൈകാരികമായ അനുഭൂതികളുടെയും മുറിവുകളേറ്റ ആത്മസംഗീതത്തിന്റെയും ഒരു നിഗൂഢലയം ഈ കവിതകൾക്കുണ്ട്. കവിതയിൽ അതിനെയല്ലേ നമ്മൾ അനുഗൃഹീതം എന്ന് വിളിക്കുന്നത്.